കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുമിറ്റക്കോട് പഞ്ചായത്ത്
2015-16

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad.kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-പി.കെ.ഡി20/2039/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പാലക്കാട്

ഇ-മെയിൽ - dopkd.ksad.kerala.gov.in

വെബ് -www.lfa.kerala.gov.in

ഫോൺ- 04912520145

തീയതി-21.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/2039/16 തീയതി -21.12.2016

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31-08-16 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചെങ്കിലും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 16.02.16 മുതൽ 12.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പൊർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016 സെപ്റ്റംബർ മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| മാനുവൽ രസീതികൾ - 41319 , 41321, 41324, 41309 | 41 |
| സാംഖ്യ രസീതികൾ 11601102258 മുതൽ 11601102617 വരെ | 359 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ / രേഖകൾ / വിവരങ്ങൾ / വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് / ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

സ്ഥാപനം : തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത്

| | |
|---|---|
| വിസ്തീർണ്ണം | 32.31കീമി |
| ജനസംഖ്യ | 35000 |
| വാർഡുകളുടെ എണ്ണം | 18 |
| ആകെ ജീവനക്കാരുടെ എണ്ണം | 15<br>(3 vacant) |
| സ്ഥിരം | 9 |
| താൽക്കാലികം | 3 |
| കരാറടിസ്ഥാനത്തിൽ | ഇല്ല |
| ആകെ | 12 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | എൻ.എൻ.മുരളീധരൻ | അസി.ഓഡിറ്റ് ഓഫീസർ |
| 2 | സരിത.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ഫസീല.കെ.എ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| 1)ശ്രീ/ ശ്രീമതി.റഷീദ .പി | 01.4.15. മുതൽ 31.10.15വരെ |
| 2)ശ്രീ. പ്രസാദ് .ടി.എ | 01.11.15.മുതൽ 31.3.16വരെ |

സെക്രട്ടറി

| | |
|---|---|
| 1)ശ്രീമതി.എൻ.ഒ.ലില്ലി | 01.04.15 മുതൽ 26-05-15 വരെ |
| 2)ശ്രീ.കെ.ജയദാസ് | 27-05-15 മുതൽ 31-3-16 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| പേര്, തസ്തിക | കാലയളവ് | സ്ഥിരം മേൽവിലാസം |
|---|---|---|
| ജാസ്മിൻ, കൃഷി ഓഫീസർ | 1-04-15 മുതൽ 31-03-16വരെ | പൂവത്തിങ്കൽ ഹൗസ്, ഷൊർണ്ണൂർ. |
| എൻ.ഒ.ലില്ലി, സെക്രട്ടറി. | 1-04-15 മുതൽ 26-05-15-വരെ | ഊരകം, പുള്ളൂർ പി.ഒ, തൃശ്ശൂർ. |
| കെ.ജയദാസ്, സെക്രട്ടറി | 27-05-15 മുതൽ 31-03-16 വരെ | ശാന്തി ഭവൻ, മണ്ണൂർ. |
| ബിന്ദു.സി എസ്, ഐ.സി.ഡി.എസ് . സൂപ്പർവൈസർ | 1-04-15 മുതൽ 31-03-16 വരെ | ജഗദീഷ് ഭവൻ, ഓങ്ങല്ലൂർ |
| ചാന്ദ്നി.വി.ജി, അസി.എഞ്ചിനീയർ | 1-04-15 മുതൽ 2-06-15 വരെ | വട്ടക്കുത്തയ്യിൽ വീട്, ആവണൂർ (പി.ഒ) തൃശ്ശൂർ. |
| സൂര്യൻ.കെ.ജി, അസി.എഞ്ചിനീയർ | 3-06-15 മുതൽ 31-03-16വരെ | കാണാട്ട് വീട്, ചൂണ്ടൽ പി ഒ, തൃശ്ശൂർ. |
| ഡോ.അനിൽ. പി, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1-04-15 മുതൽ 31-03-16 വരെ | പൂർണ്ണം, ചാഴിയാട്ടിരി |
| ഡോ.ഖലീൽ മജീദ്, മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | 1-04-15 മുതൽ 31-03-16 വരെ | മയ്യേരി ഹൗസ്, പെരിന്തൽമണ്ണ |
| ഡോ.നിസാമോൾ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1-04-15 മുതൽ 31-03-16വരെ | അനാർക്കലി, പുതിയവീട്ടിൽ, വലപ്പാട് |
| ഹ്റിജിൽ വി ഇ ഒ | 1-04-15 മുതൽ 10-11-15വരെ | പഴയങ്ങാടി, പരുളൂർ |
| മധു വി ഇ ഒ | 11-11-15 മുതൽ 31-03-16വരെ | ചേനംകുമരത്ത് വീട്, തിരുമിറ്റക്കോട്. |
| ഡോ.പി കെ പ്രതാപ്, വെറ്ററിനറി സർജ്ജൻ | 1-04-15 മുതൽ 31-03-16വരെ | പ്രതിഭാലയം, ശങ്കരമംഗലം, പട്ടാമ്പി |
| ശ്രീമതി. സാവിത്രി, എച്ച്.എം | 1-04-15 മുതൽ 31-03-16വരെ | ദാസ് ഭവൻ, കൂറ്റനാട് 679533 |

<u>ഉള്ളടക്കം</u>

<u>ഭാഗം 1</u>

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രിക | 1(11) | |

<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

( വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് | 2(1) | |
| 2 | വസ്തു നികുതി -അപാകതകൾ | 2(2) | |
| 3 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2(3) | |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

വർക്ക് ഷീറ്റ് പ്രകാരമുള്ള പരാമർശങ്ങൾ ഉൾപ്പെടുത്തുക

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പഠനോപകരണങ്ങളും ലാപ് ടോപ്പും വിതരണം ചെയ്തിട്ടില്ല | 3(1) | |
| 2 | മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതെ പ്രോജക്റ്റ് നടപ്പിലാക്കി | 3(2) | |
| 3 | ഗ്രാമപഞ്ചായത്ത് ലൈബ്രറി തുറന്ന പ്രവർത്തിപ്പിക്കേണ്ടതാണ്. | 3(3) | |
| 4 | ടെണ്ടർ ഫോറങ്ങളുടെ കണക്കുകൾ സൂക്ഷിക്കേണ്ടതാണ് | 3(4) | |
| 5 | ആശ്രയ പദ്ധതി – അവലോകനം | 3(5) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് | 4(10) | |

| | | | |
|---|---|---|---|
| | റിപ്പോർട്ടുകളുടെ വിവരം | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 111/16, 04.03.2016 ( പുതുക്കിയത്) |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 23.07.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 27931734 |
| വരവ് | 36044188 |
| ആകെ | 63975922 |
| ചെലവ് | 46616823 |
| നീക്കിബാക്കി | 17359099 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രഷറി അക്കൗണ്ടി ലേക്ക് തിരിച്ചടച്ചത് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3132794 | 16305778 (7369144-T.C + 8936634- | 19438572 | 11858441 (*) | 371965(OB) +7208166 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | Allottment) | | | | |
| വികസന ഫണ്ട് (എസ്.സി.പി) | 738391 | 10343658 | 11082049 | 8941211 (**) | 2140838 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3072720 | 3127000 | 6199720 | 4206367 (***) | 1993353 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 628275 | 2877000 | 3505275 | 3261621 (****) | 243654 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1671564 | 3804830 | 5476394 | 5390149 (*****) | 86245 | 0 |
| ലോക ബാങ്ക് സഹായം | 827525 | 289916 | 1117441 | 951228 (******) | 166213 | 0 |

(*) 10129973 (Expenditure from O.B + T.C) and 1728468 (exp from allottment or actual receipt)

(**) 738391+8202820 (actual receipt)

(***) 1235856+2970511

(****) 2633346 + 628275

(*****) 1671564 + 3718585

(******) 827525 + 123703

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 187 | 147 | - | 40 | 78 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 4094050 | 2499433 | 61 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1638235 | 687854 | 41 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 8 | 8 | 827421 | 733088 | 88 |
| മെ മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെ മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 11 | 8 | 10144240 | 2586200 | 25 |
| ഐ.സി.ഡി.എസ് 56 സൂപ്പർവൈസർ | 5 | 5 | 3693929 | 2808086 | 76 |
| സെക്രട്ടറി | 16 | 14 | 4831670 | 4409778 | 91 |
| എച്ച്.എം | 4 | 4 | 682365 | 681865 | 99 |
| അസി.എഞ്ചിനീയർ | 119 | 85 | 24029093 | 16845244 | 70 |
| അസി.സെക്രട്ടറി | 11 | 11 | 6082998 | 4268686 | 70 |
| | 187 | 147 | 56624001 | 36120234 | 63 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5009987 | 1430018 | (-)3579969 | |
| നികുതിയേതര വരവുകൾ | 8214525 | 8695741 | (+)481216 | |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 7114935 | 3627563 | (-)3487372 | |

| | | | | |
|---|---|---|---|---|
| ആകെ | 20339447 | 13753322 | 6586125 | |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 2 | 2 | 0 | കാലതാമസമില്ല |
| 2 | തൊഴിൽ രഹിത വേതനം | 11 | 11 | 0 | കാലതാമസമില്ല |
| 3 | വിധവാ പെൻഷൻ | 116 | 116 | 7 | കാലതാമസമില്ല |
| 4 | വികലാംഗ പെൻഷൻ | 35 | 35 | 11 | കാലതാമസമില്ല |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 10 | 1 | കാലതാമസമില്ല |
| 6 | വാർദ്ധക്യകാല പെൻഷൻ | 433 | 433 | 48 | കാലതാമസമില്ല |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 513/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് | 22.9.2016 | 8/2016 | ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.6.2009 | 2004-05 മുതൽ 2008-09 വരെ | 31.7.2009 | ഇല്ല |

# 1-11 അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. സ്കോർ കാർഡ്

3. നിർവ്വഹണാധികാരികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

എ)ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| | വാർഡ് നം.<br>കെട്ടിട നം. | ഉടമസ്ഥരുടെ പേരും<br>വിലാസവും |
|---|---|---|
| 1. | XI,655 | സുലൈഖ.പി.എ,<br>പാറാട്ടുവീട്ടിൽ,<br>ചാഴിയാട്ടിരി |
| 2. | XI,124 | പി.വി. റംലത്ത്,<br>പാറാട്ടുവീട്ടിൽ,<br>ചാഴിയാട്ടിരി |

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി -അപാകതകൾ

എ)വസ്തു നികുതി പിരിക്കുന്നതിലേക്കായി ക്ലർക്കുമാരുടെ ചുമതലയിൽ ആശാ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താനുള്ള തീരുമാനം ആപ്പീസ് ഉത്തരവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ ഡിമാന്റ് തുകയുടെയും പിരിവിന്റെയും കൃത്യത ഉറപ്പാക്കിയ വിവരം ബോധ്യപ്പെട്ടിട്ടില്ല.

ബി)ഡി&ഒ ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ തൻവർഷ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ അസസ്മെന്റ് നടത്തിയിട്ടില്ല.

സി) പാർപ്പിടാവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള ചില കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത കണ്ടു വരുന്നു. ആയത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഡി) വാണിജ്യ ആവശ്യങ്ങൾക്കായും പാർപ്പിട ആവശ്യങ്ങൾക്കായും നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ കൂടുതൽ ഇളവുകൾ നൽകിയിട്ടുണ്ട്.

ഇ)വസ്തു നികുതി ഡിമാന്റ് ചെയ്യുന്നതിനോടൊപ്പം സേവന ഉപനികുതിയും ഡിമാന്റ് ചെയ്യേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് - അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ 335 ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ ഡി&ഒ ലൈസൻസ് അനുവദിച്ച ടി സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഡി&ഒ ലൈസൻസിനായി ലഭിക്കുന്ന മുഴുവൻ അപേക്ഷകളും പൂർണ്ണമായി പരിശോധിച്ച് തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

## പഠനോപകരണങ്ങളും ലാപ് ടോപ്പും വിതരണം ചെയ്തിട്ടില്ല

1) പ്രോജക്ട് നം S O 187/16

അടങ്കൽ 720000

ചെലവ് 718200 (വികസന ഫണ്ട് SC P)

ട്രഷറി ബിൽ നം (1)402990 ( 190/15-16: 23-02-16)

(2)315210 (144/15-16 ; 20-03-16 )

മേൽ പ്രോജക്ട് പ്രകാരം 101 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.പിന്നീട് പ്രോജക്ട് റിവൈസ് ചെയ്യുകയും 79 ഗുണഭോക്താക്കൾക്ക് കൂടി ആകെ 180 എണ്ണം പഠനോപകരണങ്ങൾ നൽകുന്നതിനായി തീരുമാനിച്ചു. ഇത് പ്രകാരം കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ആകെ 718200/- തുക നൽകി 180 സ്റ്റീൽമേശ,കസേര എന്നിവ വാങ്ങിയിട്ടുണ്ട്.എന്നാൽ 134 ഗുണഭോക്താക്കൾക്ക് മാത്രമാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. 46 എണ്ണം വിതരണം ചെയ്യാതെ പഞ്ചായത്തിൽ അവശേഷിക്കുന്നു. ഇവ പഞ്ചായത്തിലെ കൃഷിഭവനോടു ചേർന്ന മുറിയിൽ കൂട്ടിയിട്ടിരിക്കുന്നതായും സ്റ്റീൽ കസേരകൾ പഞ്ചായത്തിലെ വിവിധ സെമിനാറുകൾക്കും മറ്റും ഉപയോഗിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. 46

പഠനോപകരണങ്ങൾക്ക് നൽകിയ തുക 183540 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിതരണം ചെയ്യാത്ത 46 പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

2) പ്രോജക്ട് നം S0189/16

അടങ്കൽ 720000

ചെലവ് 712986 (വികസന ഫണ്ട് SC P)

ട്രഷറി ബിൽനം 712986 (220/15-16;16-03-16)

മേൽ പ്രോജക്ട് പ്രകാരം 18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത് .ആയതു പ്രകാരം റേറ്റ് കോൺട്രാക്ട് നിലവിലുള്ള H C Lകംപ്യൂട്ടേഴ്സിൽ നിന്നും 18 ലാപ് ടോപ്പുകൾ 712986 രൂപ നൽകി വാങ്ങിയിട്ടുണ്ട്.എന്നാൽ 16 ഗുണഭോക്താക്കൾക്ക് മാത്രമാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. 2 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഇവയുടെ സൂക്ഷിപ്പിന്റെ ചുമതല രേഖാമൂലം ആർക്കും നൽകിയിട്ടുമില്ല. ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത 2 ലാപ് ടോപ്പുകളുടെ വില 79220 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
കൃത്യമായ ആസൂത്രണത്തോടെ യഥാർത്ഥ ആവശ്യം വിലയിരുത്തി മതിയായ ഗുണഭോക്താക്കൾ ഉണ്ടെന്ന് ഉറപ്പ് വരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ പദ്ധതി പണം ചെലവഴിക്കുന്നതിന് വേണ്ടി മാത്രം പ്രോജക്ടുകൾ തയ്യാറാക്കുന്നത് ശരിയായ സമീപനമല്ല.

# 3-2 മതിയായ ഗുണഭോക്താക്കളെ കണ്ടെത്താതെ പ്രോജക്ട് നടപ്പിലാക്കി

പ്രോജക്ട് നം : S00 21/16
നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ തുക :21000(15750+5250 (ഗുണഭോക്തൃവിഹിതം)

ചെലവ് തുക :1440

ട്രഷറി ബിൽ നം :10/15-16;28-03-14

350 തെങ്ങിൻ തൈകൾ ഗവ .അംഗീകൃത ഫാമുകളിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്ന തിനാണ് പ്രോജക്ട് പ്രകാരം ഉദ്ദേശിച്ചിരിക്കുന്നത്.എന്നാൽ ആകെ 3 ഗുണഭോക്താക്കൾക്ക് 32 തെങ്ങിൻതൈകൾ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത് . മതിയായ ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി ആവിഷ്കരിക്കുകയും വകയിരുത്തിയ പദ്ധതി തുക മുഴുവൻ ഉപയോഗിക്കുകയും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-3 ഗ്രാമപഞ്ചായത്ത് ലൈബ്രറി തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 10620-16460 രൂപ ശമ്പളസ്കെയിലോട്ടു കൂടി പാർട്ട് ടൈം ലൈബ്രേറിയന്റെ ഒരു തസ്തിക നിലവിലുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിൽ ലൈബ്രേറിയന്റെ സേവനം ഉറപ്പുവരുത്തിയിട്ടില്ല. വാർഷിക കണക്കുകളിൽ ലൈബ്രറി വരവുകൾ

ഉള്ളതായോ, ലൈബ്രേറിയന് രസീതി പുസ്തകങ്ങൾ നൽകിയിട്ടുള്ളതായോ കാണുന്നില്ല. ലൈബ്രറി തുറന്നു പ്രവർത്തിപ്പിക്കുന്നതിലേക്ക് ഭരണാധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ടെണ്ടർ ഫോറങ്ങളുടെ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്

2015-16 വർഷം പഞ്ചായത്ത് വാങ്ങിയ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് കൃത്യമാക്കിയെഴുതി സൂക്ഷിക്കുന്നില്ല. ടെണ്ടർ ചെയ്യപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിന് അനുസരിച്ച് ഒരു ടെണ്ടർ ഫോറത്തിന് 300/- രൂപ മുതൽ 25000/- രൂപ വരെ വിലയുണ്ടായിരിക്കേ ഇവയുടെ സ്റ്റോക്ക് കൃത്യമാക്കിവെക്കാത്തത് സാമ്പത്തിക നഷ്ടത്തിനും ക്രമക്കേടിനും ഇടവരുത്തുന്നതാണ്. ആയതിനാൽ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി അവലോകനം

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ.

ജി.ഒ.(എം.എസ്)നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം എസ്)നം.362/2013/ത.സ്വ.ഭ.വ. തി. 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ സംബന്ധിച്ച് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്.ആകെ 90 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതി പ്രകാരം ഉള്ളത്. ഇവർക്ക് ആവശ്യമായ വീട്, ഭൂമി, കുടിവെള്ളം കക്കൂസ്,എന്നിവ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് ഫണ്ടിന്റെ അപര്യാപ്തത മൂലം നടപ്പാക്കുന്നില്ല.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

## 4-3 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല.

## 4-4 (ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്സ് ലോൺ | സ.ഉ.GO (ms) 207/2009 LSGDതീയതി 7.11.2009 | 8445340 | 607662 | 6076623 | 305544 | 305544 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 13725/- രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| | പി .എച്ച്.സി. തിരുമിറ്റക്കോട് | 2002 | - | - | - | - | - | - |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63975922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46616823 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 263460 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്.
)

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 263460 | സാനു.എസ്, അസി.സെക്രട്ടറി. |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 263460 | സാനു.എസ്, അസി.സെക്രട്ടറി. |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി 20/541 തീ.12.04.12 | ഫർദർ റിപ്പോർട്ട് |
| 1997-98 | നം.എൽ.എഫ്.പി 20/42/2000 തീ.11.3.04 | -do- |
| 1998-99 | നം.എൽ.എഫ്.പി 11/818/04 തീ.28.12.07 | -do- |
| 1999-00 | നം.എൽ.എഫ്.പി 20/785/10 തീ.15.06.11 | -do- |
| 2000-01 | നം.എൽ.എഫ്.പി 20/786 തീ.16-06-11 | -do- |

| | | |
|---|---|---|
| 2001-02 | നം.എൽ.എഫ്.പി 20/788 തീ.25-06.11 | -do- |
| 2002-03 | നം.എൽ.എഫ്.പി 20/667 തീ.26.11.11 | -do- |
| 2003-04 | നം.എൽ.എഫ്.പി 20/667(a)/11 തീ.26.11.11 | -do- |
| 2004-05 | നം.എൽ.എഫ്.പി 20/668/11 തീ.26.11.11 | -do- |
| 2005-06 | നം.എൽ.എഫ്.പി 20/670 തീ.26.11.11 | -do- |
| 2006-07 | നം.എൽ.എഫ്.പി 20/874/12 തീ.21.05.12 | -do- |
| 2007-08 | നം.എൽ.എഫ്.പി 20/848(2) തീ.12.7.12 | -do- |
| 2008-09 | നം.എൽ.എഫ്.പി 20/849 തീ.21.5.12 | -do- |
| 2009-10 | നം.എൽ.എഫ്.പി 20/850 തീ.21.5.12 | -do- |
| 2010-11 | നം.എൽ.എഫ്.പി 20/2178 തീ.30.8.14 | -do- |
| 2011-12 | നം.എൽ.എഫ്.പി P20/1801 തീ.12.12.14 | -do- |
| 2012-13 | നം.എൽ.എഫ്.പി 20/511/15 തീ.10.08.2015 | -do- |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി 20/363/2016 തീ. 28.06.2016 | -do- |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി.20 /2039/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി 21- 12- 2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. വിവിധ സ്ഥാവര ജംഗമ ആസ്തികളുടെ മൂല്യവും കൊടുത്തു തീർക്കാനുള്ള തുകകളുടെ വിവരങ്ങളും ചേർത്ത് ആസ്തി ബാധ്യതകൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വരവിന്റെ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD20/2039/16

Kerala State Audit Department
District Office
Palakkad
Date – 21.12.2016

CERTIFICATE

Certified that I have examined the Annual Financial Statement of THIRUMITTACODE GRAMA PANCHAYATH for the year ended 31.03.16 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of THIRUMITTACODE GRAMA PANCHAYATH prepared in accordence with Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.03, for the year 2015-2016 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

Deputy Director

Absract of Defects

1. Asset value not updated and linked with Sankhya.

2. Abstract of all tax and non-tax revenues were not perpared and certified by the Sercretary.

Deputy Director